# പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*145

06-03-2017 ൽ മറുപടിയ്ക്ക്

## കരനെൽകൃഷി

**ചോദ്യം**
ശ്രീ. ശ്രീ.മുഹമ്മദ് മുഹസിൻ പി.
ശ്രീ. സി. ദിവാകരൻ
ശ്രീ. ജി.എസ്.ജയലാൽ
ശ്രീമതി സി.കെ. ആശ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി എല്ലാ ജില്ലകളിലും 'കരനെൽകൃഷി വികസന പദ്ധതി' നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി കൃഷിഭവൻ തലത്തിൽ കരനെൽകൃഷി നടപ്പിലാക്കുന്നതിനായുള്ള കർഷകരെ തെരഞ്ഞെടുത്ത് അവർക്ക് സമയ ബന്ധിതമായി പരിശീലനം നൽകി, പരമാവധി കീടനാശിനി-കളനാശിനി എന്നിവയുടെ ഉപയോഗം കുറച്ച്. മറ്റ് ജൈവ മാർഗ്ഗങ്ങളും അവലംബിച്ച് 2752.092 ഹെക്ടർ കരപ്രദേശത്ത് നെൽകൃഷി നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി 374.28 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കരനെൽ കൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി വിത്തിന് 3600/- രൂപയും, മറ്റുൽപ്പാദനോപാധികളുടെ ചെലവ്, ഉഴവ്, കൂലി എന്നിവക്കായി ഹെക്ടറിന് 10000/- രൂപയും ഉൾപ്പെടെ ആകെ 13600/ രൂപ ഒരു ഹെക്ടറിന് ധനസഹായം നൽകുന്നുണ്ട്. 2016-2017 വർഷം 2560 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിനായിട്ടാണ് ലക്ഷ്യമിട്ടിരുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തരിശായി കിടന്ന എത്ര ഏക്കർ സ്ഥലത്ത് നെൽകൃഷി ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ; | (ബി) | നെൽകൃഷിയ്ക്ക് ഉപയുക്തമായ ഭൂമിയുടെ പരമാവധി ഉപയോഗം ഉറപ്പാക്കുന്നതിനായി കൃഷി ഭവൻ തലത്തിൽ ലഭ്യമായ തരിശുനിലങ്ങളും ഉപയോഗപ്പെടുത്തി |

| | | | |
|---|---|---|---|
| | | | നെൽകൃഷി നടപ്പിലാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി 2900.31 ഹെക്ടർ സ്ഥലത്ത് തരിശുകൃഷി ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട് ആയതിലേയ്ക്കായി ഒരു ഹെക്ടറിന് 30000 രൂപ നിരക്കിൽ (ഭൂമി കൃഷി ചെയ്യുന്നതിനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5000 രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 25000/- രൂപ എന്ന കണക്കിന്) സഹായധനം നൽകുന്നതാണ്. 5 വർഷം കൊണ്ട് നിലവിലെ നെൽകൃഷിയുടെ വിസ്തൃതി 2 ലക്ഷം ഹെക്ടറിൽ നിന്ന് 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാൻ സർക്കാർ വിഭാവനം ചെയ്യുന്നുണ്ട്. 2017-2018 വാർഷിക പദ്ധതിയിൽ സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോണിൽ - (പ്രത്യേക നെല്ലിനങ്ങളുടെ വികസന പദ്ധതി) ഉൾപ്പെടുത്തി കുട്ടനാട്, പാലക്കാട്, കോൾ മേഖല, വയനാട് എന്നീ മേഖലകളിൽ പദ്ധതി രൂപീകരിച്ച് കൃഷി ഭവൻ തലത്തിൽ നടപ്പിലാക്കുന്നതാണ്. തരിശുനിലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തെ കൃഷിയോഗ്യമായ ഭൂമികൾ മാപ്പിംഗ് നടത്തി കൃഷി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാബാങ്ക് തയ്യാറാക്കുന്നതിനും തരിശു നിലങ്ങൾ മാപ്പിംഗ് നടത്തുന്നതിനുമായി കേരളാ സ്റ്റേറ്റ് റിമോട്ട്സെൻസിങ് & എൻവയോൺമെന്റ് സെന്റർ (കെ.എസ്. ആർ.ഇ.സി.)-ന്റെ സഹകരണത്തോടെയുള്ള പദ്ധതിയ്ക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 2016-17 വർഷം ഇതിലേക്കായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (സി) | വർഷങ്ങളായി തരിശുകിടന്ന റാണി ക്കായലിലും ആറന്മുളയിലും മെത്രാൻ കായലിലും കൃഷി ഇറക്കിയത് എന്നത്തേക്ക് വിളവെടുക്കാൻ കഴിയു മെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (സി) | വർഷങ്ങളായി തരിശു കിടന്ന ആറന്മുള പാടശേഖരത്തിൽ 56 ഹെക്ടറിൽ നെൽകൃഷി പുനരാരംഭിക്കുന്നതിനായി 153.76 ലക്ഷം രൂപയുടെ പദ്ധതിയാണ് കൃഷി വകുപ്പ് 2016-17 ൽ ലക്ഷ്യമിട്ടിരിക്കുന്നത്. എന്നാൽ 2016-2017 വർഷം 101 ഹെക്ടറിൽ ആറന്മുള തരിശുനിലങ്ങളിൽ കൃഷി പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 10.2 ഹെക്ടർ പ്രദേശത്തെ വിളവെടുപ്പ് 20/02/2017-ൽ ആരംഭിച്ചിട്ടുണ്ട്.<br>കോട്ടയം ജില്ലയിലെ മെത്രാൻ കായൽ |

| | |
|---|---|
| | പാടശേഖരത്തിലെ കർഷകരുടെ ഉടമസ്ഥത യിലുള്ള 10 ഹെക്ടർ ഉൾപ്പെടെ 120 ഹെക്ടർ പ്രദേശത്ത് നെൽകൃഷി പുനരാരംഭിക്കുവാൻ 2016-2017 വർഷം സാധിച്ചിട്ടുണ്ട്. മെത്രാൻ കായൽ പാടശേഖരങ്ങളിലെ നെൽകൃഷി 2017 മാർച്ച് 11-ന് വിളവെടുക്കുന്നതാണ്.<br>ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ 26 വർഷങ്ങളായി തരിശായി കിടന്നിരുന്ന 201 ഹെക്ടർ വിസ്തീർണ്ണമുള്ള റാണി കായൽ പാടശേഖരത്തിൽ 2016 നവംബർ 20-ന് വിതയ്ക്കുകയും 2017 ഫെബ്രുവരി 21 മുതൽ വിളവെടുപ്പ് ആരംഭിക്കുകയും ചെയ്തു. 180 ഹെക്ടറിൽ അധികം പ്രദേശത്ത് കൃഷി പുനരാരംഭിക്കുവാൻ സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ